# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 22.10.2025 മുതൽ 26.10.2025 വരെ)

## മലപ്പുറം ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 84/2025 | തീയ്യതി: 21/09/2025 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ


| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 101.8 | 30.8 – 32.0 | 23.8 – 24.6 | 80 – 93 | 00– 08 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 22-10-2025 | 23-10-2025 | 24-10-2025 | 25-10-2025 | 26-10-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 34 | 50 | 20 | 18 | 30 |
| കൂടിയതാപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 93 | 93 | 93 | 93 | 93 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 4 | 3 | 2 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 250 | 90 | 180 | 200 | 200 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **അതി തീവ്ര മഴ **** | | |
| | അടുത്ത 5 ദിവസത്തേക്ക് മഴയുണ്ടായിരിക്കും. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൊതുവേ പൂർണ്ണമായും മേഘാവൃതമായിരിക്കും. ഇരുണ്ട മേഘാവൃതമായ കാലവസ്ഥ കാരണം പകൽ വെളിച്ചം കുറവായിരിക്കും. | | |
| അപായ സൂചന | ഒക്ടോബർ 22ന് ഒറ്റപെട്ട അതി തീവ്ര മഴയ്ക്ക് സാധ്യത.<br>ഒക്ടോബർ 23 മുതൽ 26 വരെ ഒറ്റപെട്ട ശക്തമായ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തീറ്റകൾ എന്നിവ പിക്ക് പൂപ്പൽ പിടിക്കുക മുതലായവ<br>തുറസ്സായ സ്ഥലങ്ങളിൽ ഇടിമിന്നൽ ആളുകൾക്കും കന്നുകാലികൾക്കും പരിക്കേൽപ്പിച്ചേക്കാം.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത.<br>അപ്രതീക്ഷിതമായ വെള്ളകെട്ട് നെൽ ഞാറുകൾക്കും രണ്ടാം വിളയ്ക്കും കേടുപാടുകൾ വരുത്തിയേക്കാം. | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>കാലാവസ്ഥ പ്രതികൂലമാണെങ്കിൽ, തുറന്ന സ്ഥലത്ത് കാർഷിക പ്രവർത്തികൾ ചെയ്യാൻ ശ്രമിക്കരുത്<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br>ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.<br>നദീതീരങ്ങളിലും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം. | | |
| നെല്ല് | വൈകി വിതച്ച നെല്ലിന്റെ വിളവെടുപ്പ് | വിളവെടുപ്പ് ഉടനെ നടത്തുക. വിളവെടുത്ത ഉൽപ്പന്നങ്ങൾ വയലിൽ തന്നെ കൂട്ടിയിടരുത്. | |
| വാഴ | വളർച്ചയുടെ വിവിധ ഘട്ടങ്ങൾ | വാഴകൾ മറിഞ്ഞു വീഴാനുള്ള സാധ്യത | കനത്ത മഴ കാരണം വാഴകൾ മറിഞ്ഞു വീഴാൻ സാധ്യതയുണ്ട്. നല്ല നീർവാർച്ച നൽകുക. വാഴകൾക്ക് ശക്തമായ താങ്ങ് നൽകുക. |
| പച്ചക്കറിവിളകൾ | വളർച്ചയുടെ ആദ്യ ഘട്ടങ്ങൾ | വെള്ളക്കെട്ട്, മറിഞ്ഞു വീഴുക | പച്ചക്കറികൾക്ക് താങ്ങ് നൽകുക. നല്ല നീർവാർച്ച നൽകുക. കനത്ത മഴ മാറിക്കഴിഞ്ഞാൽ ഉടൻ തന്നെ മണ്ണ് ഇളക്കി കൊടുക്കുക |
| തെങ്ങ്/ | തൈകൾ | വെള്ളം കെട്ടികിടക്കുന്ന അവസ്ഥ/കൂമ്പു ചീയൽ | തൈക്കുഴികളിൽ വെള്ളംകെട്ടികിടക്കാൻ അനുവദിക്കരുത്. കുഴികളിലേക്കു വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴിക്ക് ചുറ്റും വരമ്പ് നിർമിക്കുക.<br>മഴയുടെ ഇടവേളയിൽ 1 % ബോർഡോക്സ് മിശ്രിതം ഇലകളിലും കൂമ്പിലും പശ ചേർത്ത് തളിക്കുക. |
| ഇഞ്ചി, മഞ്ഞൾ | വിവിധ ഘട്ടം | മൂടുചീയൽ<br> | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക |
| കോഴി | വിവിധ ഘട്ടം | ന്യൂകാസിൽ രോഗം<br> | ന്യൂകാസിൽ രോഗം അല്ലെങ്കിൽ റാണിഖേത് രോഗം ഒരു പാരാ-മൈക്സോ വൈറസ് മൂലമുണ്ടാകുന്ന പക്ഷികളിൽ മാത്രം കണ്ടുവരുന്ന പകർച്ചവ്യാധിയാണ്. ഈ അണുബാധയുടെ ഫലമായി ശ്വാസംമുട്ടലും ചുമയും, ചിറകുകൾ തൂങ്ങിക്കിടക്കുന്നതും, കാലുകൾ വലിച്ചുനടക്കുന്നതും, തലയും കഴുത്തും വളച്ചൊടിക്കുക, വട്ടത്തിൽ നടക്കുക, വിശപ്പില്ലായ്മ, പൂർണ്ണമായ തളർവാതം.<br>**പ്രതിരോധം**: പക്ഷികൾക്കും കോഴിക്കൂടുകൾക്കും പൂർണ്ണമായ ശുചിത്വം ഉറപ്പാക്കുക. ഇൻട്രാനാസലിയോ ഇൻട്രാക്യുലർ ആയോ കുടിവെള്ളത്തിൽ നൽകുന്ന ലൈവ് ബി1, ലാ സോട്ട |

| | | | |
|---|---|---|---|
| | | | എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുക. |
| ആട് | വിവിധ ഘട്ടം | വയറിളക്കം | ശരീരത്തിലെ ധാനു-ജല നഷ്ട്ടം ഒഴിവാക്കാൻ എത്രയും പെട്ടന്ന് അടുത്തുള്ള മൃഗ ഡോക്ടറുടെ മേൽ നോട്ടത്തിൽ " റിംഗെർ ലാക്റ്റട് " പോലുള്ള ലവണ മിശ്രിതങ്ങൾ നൽകുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻനടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി